**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3998** **03-03-2023 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ചെലവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തുന്നവരിൽ നിന്ന് ലാബ് ടെസ്റ്റുകൾ, എക്സ്-റേ, സ്കാനിംഗ് തുടങ്ങിയവക്ക് വ്യത്യസ്ത രീതിയിലുള്ള നിരക്കുകൾ ഈടാക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ സ്വകാര്യ ആശുപത്രികളിൽ വിവിധ ചികിത്സ സംവിധാനങ്ങൾക്ക് പല വിധത്തിൽ ചാർജ് ഈടാക്കുന്ന സമ്പ്രദായം അവസാനിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി ക്ലിനിക്കൽ സ്ഥാപനങ്ങൾ നൽകേണ്ട സൗകര്യങ്ങളുടേയും സേവനങ്ങളുടേയും നിലവാരം നിർണ്ണയിക്കുകയെന്ന ലക്ഷ്യത്തോടുകൂടി അവയുടെ രജിസ്ട്രേഷനും നിയന്ത്രണവും സംബന്ധിച്ച് നിലവിൽ വന്ന 2018 ലെ കേരളാ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷനും, നിയന്ത്രണവും) നിയമത്തിലെ സെക്ഷൻ 39 (2) പ്രകാരം ഓരോ സ്ഥാപനങ്ങളും തങ്ങൾ പരിശോധനയ്ക്കായി ചുമത്തുന്ന ഫീസ് പ്രദർശിപ്പിച്ചിരിക്കണമെന്നും സെക്ഷൻ 39(4) പ്രകാരം ക്ലിനിക്കൽ സ്ഥാപനങ്ങൾ സ്വയമേവ പ്രദർശിപ്പിച്ചിട്ടുള്ള നിരക്കിനേക്കാൾ അധികം ഈടാക്കാൻ പാടില്ല എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം നിരക്കുകൾ പ്രദർശിപ്പിക്കുമ്പോൾ വിവിധ സ്ഥാപനങ്ങൾക്ക് വ്യത്യസ്ത നിരക്കുകൾ ഈടാക്കുവാൻ പ്രയാസമാണ്. പൊതു ജനങ്ങൾക്ക് സ്ഥാപനത്തിലെ നിരക്ക് അറിയുവാൻ ഉള്ള സാഹചര്യം ഉള്ളതിനാൽ പ്രസ്തുത സ്ഥാപനത്തിന്റെ സേവനം ആവശ്യമുണ്ടെങ്കിൽ ആയത് ഉപയോഗപ്പെടുത്താവുന്നതാണ്. |
| (സി) | എങ്കിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (സി) | പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി ക്ലിനിക്കൽ സ്ഥാപനങ്ങൾ നൽകേണ്ട സൗകര്യങ്ങളുടേയും സേവനങ്ങളുടേയും നിലവാരം നിർണ്ണയിക്കുകയെന്ന ലക്ഷ്യത്തോടുകൂടി അവയുടെ രജിസ്ട്രേഷനും നിയന്ത്രണവും സംബന്ധിച്ച് നിലവിൽ വന്ന 2018 ലെ കേരളാ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷനും, നിയന്ത്രണവും) |

| | | | |
|---|---|---|---|
| | | | നിയമത്തിലെ സെക്ഷൻ 39 (2) പ്രകാരം ഓരോ സ്ഥാപനങ്ങളും തങ്ങൾ പരിശോധനയ്ക്കായി ചുമത്തുന്ന ഫീസ് പ്രദർശിപ്പിച്ചിരിക്കണമെന്നും സെക്ഷൻ 39(4) പ്രകാരം ക്ലിനിക്കൽ സ്ഥാപനങ്ങൾ സ്വയമേവ പ്രദർശിപ്പിച്ചിട്ടുള്ള നിരക്കിനേക്കാൾ അധികം ഈടാക്കാൻ പാടില്ല എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം നിരക്കുകൾ പ്രദർശിപ്പിക്കുമ്പോൾ വിവിധ സ്ഥാപനങ്ങൾക്ക് വ്യത്യസ്ത നിരക്കുകൾ ഈടാക്കുവാൻ പ്രയാസമാണ്. പൊതു ജനങ്ങൾക്ക് സ്ഥാപനത്തിലെ നിരക്ക് അറിയുവാൻ ഉള്ള സാഹചര്യം ഉള്ളതിനാൽ പ്രസ്തുത സ്ഥാപനത്തിന്റെ സേവനം ആവശ്യമുണ്ടെങ്കിൽ ആയത് ഉപയോഗപ്പെടുത്താവുന്നതാണ്. |
| (ഡി) | സ്വകാര്യ ആശുപത്രികളിലെ വിവിധതരം ചികിത്സകളുടെ ഗുണനിലവാരത്തെക്കുറിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ഡി) | കേരളാ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷനും റെഗുലേഷനും) 2018 നിയമപ്രകാരം കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ പാലിക്കേണ്ട നിലവാരം നിർണ്ണയിക്കുന്നതിനുള്ള ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് സ്വകാര്യ ആശുപത്രികളിലെ ചികിത്സയുടെ ഗുണ നിലവാരം ഉറപ്പു വരുത്തുവാൻ ഒരു പരിധി വരെ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ